3/2/23


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471 2330920
Email: sic.ker@nic.in


ഹർജി നമ്പർ **AP.No.1414(5)/21/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 6784/SIC-G7/2021**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി:**

**Ramabhadran.S,**
**1K, Block B Sree Dhanya Homes Planet X,**
**Kallampally, Thiruvananthapuram.** — **Appellant**

**The State Public Information Officer,**
**Sports and Youth Affairs Department,**
**Governement Secretariate,**
**Thiruvananthapuram.**

**The Appellate Authority,**
**Sports and Youth Affairs Department,**
**Governement Secretariate,**
**Thiruvananthapuram.** — **Respondents**

## ഉത്തരവ്

1. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം വകുപ്പ് 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ലായെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകുകയും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഉണ്ടായി. അപ്പീലിനെ സംബന്ധിക്കുന്ന വിവരങ്ങൾ വെള്ളയമ്പലം സ്പോർട്ട്സ് ആന്റ് യുവജനകാര്യ ഡയക്ടറേറ്റുമായി ബന്ധപ്പെട്ട വിവരമായതിനാൽ പ്രസ്തുത അതോറിറ്റിയ്ക്ക് പുതുതായി 6(1) അപേക്ഷ നൽകി വിവരം ലഭ്യമാൻ നിർദ്ദേശം നൽകി കൊണ്ടുള്ള മറുപടിയാണ് കാണുന്നത്.
2. കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് എസ്.പി.ഐ.ഒ യെയും അപ്പീൽ ഹർജിക്കാരനെയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 21.03.2022 തീയതി ഇരുകക്ഷികളും കമ്മീഷനിൽ മൊഴി നൽകുകയും ഉണ്ടായി.

3. അപേക്ഷയുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമതയുള്ളവരാക്കുന്നതും സ്കൂളുകളെ ഒരു കായിക കേന്ദ്രമാക്കുന്നതും ലക്ഷ്യമാക്കി 'പ്ളേ എ ഗെയിം പ്ളേ ഫോർ ഫൺ' എന്ന പദ്ധതി ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷന്റെ സഹകരണത്തോടെ സംസ്ഥാനത്തെ മൂന്ന് ജില്ലകളിലെ 14 സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് 16.02.201 ലെ സ.ഉ 27/12/കായുവ നമ്പർ പ്രകാരം സർക്കാരിന്റെ ഭരണാനുമതി ലഭിച്ചുവെന്നും തുടർന്ന് 06.10.2012 ലെ സ.ഉ നമ്പർ 228/12/കാ.യു.വ, 239/12/കാ.യു.വ പ്രകാരം 'പ്ളേ എ ഗെയിം പ്ളേ ഫോർ ഫൺ' പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ 14 സ്കൂളുകളെ തിരഞ്ഞെടുത്ത് ഉത്തരവായിരുന്നുവെന്നും പ്രസ്തുത സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ നൽകിയിരുന്നുവെന്നും ഒരേ സ്കൂളുകളിൽ തന്നെ വളരെയേറെക്കാലം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ബാധ്യത സർക്കാരിന് ഏറ്റെടുക്കുവാൻ സാധിക്കാത്തതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ സ്കൂൾ അദ്ധ്യാപകരെ പരിശീലിപ്പിച്ച് മറ്റ് സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് മാസ്റ്റർ ട്രെയിനറായ ശ്രീ. രാമഭദ്രന്റെ സേവനം ലഭ്യമാക്കിയിരുന്നുവെന്നും സ്കൂളുകളിലെ പ്രഥമാദ്ധ്യാപകൻ/അദ്ധ്യാപിക ഇക്കാര്യത്തിൽ മുൻകൈയെടുത്ത് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സ്/ താൽപ്പര്യമുള്ള ടീച്ചേഴ്സിന് നിലവിലുള്ള ട്രെയിനേഴ്സിൽ നിന്ന് പരിശീലനം ലഭ്യമാക്കി കുട്ടികൾക്ക് പരിശീലനം നൽകണമെന്ന് അറിയിച്ചിരുന്നുവെന്നും സ്കൂളുകളിൽ പദ്ധതി നിർവ്വഹിക്കുന്നതിന് സ്വയം പ്രാപ്തരാകുന്നതിനുള്ള സമയം അതിക്രമിക്കുകയും പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ മാസ്റ്റർ ട്രെയിനറുടെ സേവനം നിർത്തലാക്കാൻ തീരുമാനിച്ചുവെന്നും പദ്ധതി തുടരേണ്ടതിന്റെ ആവശ്യകത സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതിന് ആവശ്യപ്പെടുകയും ചെയ്തുവെന്നും 'പ്ളേ എ ഗെയിം പ്ളേ ഫോർ ഫൺ' നടപ്പിലാക്കിയ സ്കൂളുകളിൽ ഈ വകുപ്പ് നടത്തിയ പരിശോധനയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന് ശേഷം കുട്ടികളിൽ മാനസിക, ശാരീരിക കായികക്ഷമത എന്നിവയിൽ ഗുണപരമായ വ്യത്യാസം വന്നിട്ടുണ്ടെന്നും പഠന കാര്യങ്ങളിൽ മുമ്പ് ഉണ്ടായിരുന്നതിൽ നിന്നും വളരെയധികം പുരോഗതി ഉണ്ടായതിനായി അഭിപ്രായപ്പെട്ടിരുന്നുവെന്നും ഈ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സമാന രീതിയിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും അതിനെ തുടർന്ന് പ്ളെ ഫോർ ഹെൽത്ത് എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുകയും 29.10.2013 ലെ സ.ഉ 192/13/കാ.യു.വ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടു ള്ളതായും കമ്മീഷനെ അറിയിക്കുകയുണ്ടായി.

4. വസ്തുതകൾ വിലയിരുത്തുമ്പോൾ ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം വകുപ്പ് 2(എഫ്) ന്റെ നിർവചനത്തിൽ വരുന്നതല്ലായെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മേൽ സാഹചര്യത്തിൽ എസ്.പി.ഐ.ഒ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരന് പ്രസ്തുത പദ്ധതിയമായി ബന്ധപ്പെട്ടിട്ടുള്ള വിവരങ്ങൾ അറിയുന്നതിന് വിവരാവകാശ നിയമം വകുപ്പ്

6(1) പ്രകാരം ബന്ധപ്പെട്ട അതോറിറ്റിയ്ക്ക് വിവരങ്ങൾ ലഭ്യമാക്കേണ്ട ചോദ്യങ്ങൾ വ്യക്തമാക്കി കൊണ്ട് പുതുതായി അപേക്ഷ നൽകി വിവരം ശേഖരിക്കാൻ അപ്പീൽ ഹർജിക്കാരന് നിർദ്ദേശം നൽകികൊണ്ട് ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2023 ജനുവരി മാസം 10 -ാം തീയതി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി